**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1640

3.10.2011 ൽ
മറുപടിയ്ക്ക്

**ഓണക്കാലത്തെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ : | ശ്രീ. റ്റി.എം. ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) എല്ലാ നിയോജകമണ്ഡലങ്ങളിലും ഓണം ബസാറുകൾ തുടങ്ങുന്നതിന് സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; | എ) എല്ലാ നിയോജക മണ്ഡലത്തിലും പ്രത്യേക ഓണച്ചന്തകൾപ്രവർത്തിപ്പിച്ചിട്ടുണ്ടായിരുന്നു. |
| ബി) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ഓണക്കാലത്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ? | ബി) സപ്ലൈകോയുടെ നേതൃത്വത്തിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ഒരു ഓണം-റംസാൻ ടൗൺ പീപ്പിൾസ് ബസാർ 25.8.11 മുതൽ 8.9.11 വരെ പ്രവർത്തിപ്പിച്ചു. ഇതിനു പുറമെ എല്ലാ വിൽപ്പനശാലകളും ഓണം മിനിഫെയറുകളായി 4.9.11 മുതൽ 8.9.11 വരെ പ്രവർത്തിച്ചിരുന്നു. 14111 ബി.പി.എൽ കുടുംബങ്ങൾക്ക് സൗജന്യ ഓണം കിറ്റ് വിൽപ്പന ശാലകൾ വഴി വിതരണം ചെയ്തിരുന്നു. ആദിവാസി കുടുംബങ്ങൾക്ക് 10 കിലോ അരി നൽകുന്ന പദ്ധതിയിലേക്ക് ആവശ്യമായ അരി (ജയ ഇനം) സംഭരിച്ച് വിതരണത്തിനായി നൽകിയി ട്ടുണ്ട്.<br>കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ കൽപ്പറ്റയിൽ 2011 ജൂലൈ 10 മുതൽ സെപ്റ്റംബർ 8 വരെ ജില്ലാതല വിപണന മേളയും, ജൂലൈ 20 മുതൽ സെപ്റ്റംബർ 8 വരെ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള വിപണന മേളയും വിജയകരമായി നടത്തി. കൂടാതെ കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ആഗസ്റ്റ് 1 മുതൽ സെപ്റ്റംബർ 8 വരെ ഫെഡറേഷന്റെ ത്രിവേണി സ്റ്റോറിനോടനുബന്ധിച്ച് നടത്തിയതും, വിവിധ സഹകരണ സംഘങ്ങൾ നടത്തിയവയും ഉൾപ്പെടെ 38 ഓണം-റംസാൻ വിപണന കേന്ദ്രങ്ങൾ നടത്തി അവയിലൂടെ അവശ്യ നിത്യോപയോഗസാധനങ്ങൾ 20% മുതൽ 60% വരെ വിലകുറച്ച് വിൽപ്പന നടത്തി. |

സെക്ഷൻ ഓഫീസർ